# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

   **Political Parties intensified campaigns for Lok Sabha elections.**

2. ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൻറെ വിജ്ഞാപനം തെരഞ്ഞെടുപ്പ് കമ്മീഷൻ മറ്റന്നാൾ പുറപ്പെടുവിക്കും. 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്.

   **Election Commission will issue the notification for first phase Lok Sabha election on March 20th. 102 constituencies in 21 states will be covered in the first phase.**

3. പ്രധാനമന്ത്രി ഇന്ന് കോയമ്പത്തൂരിൽ റോഡ് ഷോയിൽ പങ്കെടുത്തു. എൻഡിഎ പ്രചാരണത്തിനായി അദ്ദേഹം നാളെ പാലക്കാടെത്തും. സംസ്ഥാനത്ത് പ്രചാരണ പ്രവർത്തനങ്ങൾ സജീവമാക്കി എൽഡിഎഫും, യുഡിഎഫും

   **Senion BJP leader and Prime Minister attends a road show in Coimbatore today. PM will arrive Kerala tomorrow for the election campaign of NDA in Palakkad. UDF and LDF intensified election campaign across the state.**

4. ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആറ്

സംസ്ഥാനങ്ങളിലെ ആഭ്യന്തര സെക്രട്ടറിമാരെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തൽസ്ഥാനത്തുനിന്നും നീക്കി.

**Ahead of the Lok Sabha elections, the Election Commission today removed the Home Secretaries in six states.**

5. ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മാർച്ച് 21 നകം വെളിപ്പെടുത്താൻ എസ്ബിഐയ്ക്ക് സുപ്രീം കോടതിയുടെ നിർദ്ദേശം.

**The Supreme Court today directed the State Bank of India to make a complete disclosure of all details related to electoral bonds, including the unique bond numbers.**

6. ഈ വർഷത്തെ സരസ്വതി സമ്മാൻ പുരസ്കാരം കവി പ്രഭാവർമയ്ക്ക് . രൗദ്ര സാത്വികം എന്ന കൃതിയ്ക്കാണ് പുരസ്കാരം.

**Famous Malayalm poet Prabha Varma has bagged the prestigious literary award 'Saraswati Samman'.**

&&&&&&&&&&&&&&&&&&&

# 1ST PHASE ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജിതമാക്കി. ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൻറെ വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ മറ്റന്നാൾ പുറപ്പെടുവിക്കും. 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 27 വരെയാണ്. പത്രികയുടെ സൂക്ഷ്മപരിശോധന 28 ന് നടക്കും. പത്രികകൾ 30 വരെ പിൻവലിക്കാവുന്നതാണ്. ബിഹാറിൽ പത്രിക സമർപ്പിക്കാനുള്ള സമയപരിധി 20 വരെയും, സൂക്ഷ്മ

പരിശോധന 30 നുമാണ്. ഏപ്രിൽ 19 നാണ് ഒന്നാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

&&&&&&&&&&&&&&&&&&

## PM - JAGTIAL RALLY

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി തെലങ്കാനയിലും, കർണാടകയിലും, തമിഴ്നാട്ടിലും ഇന്ന് എൻ.ഡി.എ തെരഞ്ഞെടുപ്പ് പ്രചാരണപരിപാടികളെ അഭിസംബോധന ചെയ്തു. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ എൻഡിഎയ്ക്ക് അനുകൂലമായ രാഷ്ട്രീയ സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് അദ്ദേഹം തെലങ്കാനയിലെ ജഗ്തിയാലിൽ പറഞ്ഞു. കോൺഗ്രസിനും ബി.ആർ.എസിനുമെതിരെ അദ്ദേഹം രൂക്ഷവിമർശനമാണ് ഉന്നയിച്ചത്. കർണാടകയിലെ ശിവമോഗയിൽ നടന്ന പൊതുയോഗത്തിലും, തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ നടന്ന റോഡ് ഷോയിലും ശ്രീ മോദി പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM PALAKKAD

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീണ്ടും സംസ്ഥാനത്തെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. രാവിലെ 10 മണിയോടെ ആരംഭിക്കുന്ന റോഡ് ഷോയുടെ ഭാഗമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

## ELECTION - STATES

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അടുത്ത ആഴ്ച വയനാട്ടിലെത്തും. മൂന്ന് മുന്നണികളിലെയും മുതിർന്ന നേതാക്കൾ ഉൾപ്പടെ പഴുതടച്ച പ്രചാരണ പരിപാടികളുമായി രംഗത്തുണ്ട്. കണ്ണൂരിലെ യുഡിഎഫ് സ്ഥാനാർഥി കെ.സുധാകരൻ മട്ടന്നൂരിൽ പ്രചാരണത്തിനെത്തി. തൃശൂർ എൽഡിഎഫ് സ്ഥാനാർഥി വി.എസ് സുനിൽ കുമാർ നഗരത്തിലെ വിവിധയിടങ്ങളിൽ പ്രചാരണം നടത്തി. ആറ്റിങ്ങൽ എൻഡിഎ സ്ഥാനാർഥി വി.മുരളീധരൻ വാമനപുരം, നെടുമങ്ങാട് എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## ECI- HOME SECYS

ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആറ് സംസ്ഥാനങ്ങളിലെ ആഭ്യന്തര സെക്രട്ടറിമാരെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തു. ഗുജറാത്ത്, ഉത്തർപ്രദേശ്, ബിഹാർ, ഝാർഖണ്ഡ്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ഹോം സെക്രട്ടറിമാരെയാണ് മാറ്റിയത്. മിസോറം, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലെ ജനറൽ അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് സെക്രട്ടറിമാരെയും മാറ്റി. കൂടാതെ, ബ്രിഹൻമുംബൈ മുനിസിപ്പൽ കമ്മീഷണറെയും അഡീഷണൽ

കമ്മീഷണർമാരെയും ഡെപ്യൂട്ടി കമ്മീഷണർമാരെയും നീക്കം ചെയ്യാനും കമ്മീഷൻ ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&

## WB- DGP & IGP TRANSFER

പശ്ചിമ ബംഗാൾ പോലീസ് മേധാവി രാജീവ് കുമാറിനെ തത്സ്ഥാനത്തു നിന്നും നീക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പശ്ചിമ ബംഗാൾ സർക്കാരിനോട് ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പുമായി ബന്ധമില്ലാത്ത തസ്തികയിലേക്ക് മാറ്റാനുള്ള നിർദ്ദേശത്തെ തുടർന്ന് അദ്ദേഹത്തെ ഐ.ടി ആൻഡ് ഇലക്ട്രോണിക്സ് വകുപ്പിലേയ്ക്ക് മാറ്റി. വിവേക് സഹായ് ആണ് പുതിയ ഡിജിപി.
ഏപ്രിൽ 19-ന് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ് നടക്കും. സംസ്ഥാനത്ത് ഏഴ് ഘട്ടങ്ങളിലായാണ് ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&

## ELECTORAL BOND

ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മാർച്ച് 21 നകം വെളിപ്പെടുത്താൻ എസ്ബിഐയ്ക്ക് സുപ്രീം കോടതിയുടെ നിർദ്ദേശം. ബോണ്ട് വാങ്ങിയവരെയും, സ്വീകരിച്ച രാഷ്ട്രീയ പാർട്ടിയേയും ബന്ധിപ്പിക്കുന്ന തിരിച്ചറിയൽ നമ്പർ അടക്കം വെളിപ്പെടുത്തണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. വിവരങ്ങൾ സമ്പൂർണ്ണമായും വെളിപ്പെടുത്തണമെന്ന കാര്യത്തിൽ സ്റ്റേറ്റ്

ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഒരു സംശയത്തിൻറെയും ആവശ്യമില്ലെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് വ്യക്തമാക്കി. എല്ലാ വിവരങ്ങളും വെളിപ്പെടുത്തിയെന്ന സത്യവാങ്മൂലം മാർച്ച് 21 ന് വൈകുന്നേരം 5 മണിക്ക് മുൻപ് സമർപ്പിക്കണമെന്നും എസ്ബിഐ ചെയർമാനോട് സുപ്രീംകോടതി നിർദ്ദേശിച്ചു .

&&&&&&&&&&&&&&&&&&

## SARASWATI SAMMAN AWARD

രാജ്യത്തെ ഉന്നത സാഹിത്യപുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ പുരസ്കാരം കവി പ്രഭാവർമയ്ക്ക്. രൗദ്ര സാത്വികം എന്ന കൃതിക്കാണ് പുരസ്കാരം. കെ.കെ.ബിർല ഫൗണ്ടേഷനാണ് പുരസ്കാരം നൽകുന്നത്. 15 ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. നീണ്ട 12 വർഷങ്ങൾക്കു ശേഷമാണ് മലയാള സാഹിത്യത്തെ തേടി ഈ അംഗീകാരമെത്തുന്നത്. പുരസ്കാര നേട്ടത്തിൽ പ്രഭാവർമ്മയെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. കേരളത്തിനാകെ അഭിമാനം പകരുന്ന നേട്ടമാണിതെന്ന് പറഞ്ഞ മുഖ്യമന്ത്രി, മലയാള സാഹിത്യത്തിന് ഇനിയുമേറെ സംഭാവനകൾ നൽകാൻ പ്രഭാവർമയ്ക്ക് സാധിക്കട്ടേയെന്നും ആശംസിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH - US SECRETARY

രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഇന്ന് ടെലിഫോണിൽ ചർച്ച നടത്തി. രണ്ട് മന്ത്രിമാരും ഉഭയകക്ഷി, പ്രാദേശിക സുരക്ഷ,

പ്രതിരോധ സഹകരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ആശയങ്ങൾ പങ്കുവെച്ചു.
ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ കടൽക്കൊള്ള വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഇന്ത്യൻ നാവികസേന വഹിക്കുന്ന പങ്കിനെ യുഎസ് പ്രതിരോധ സെക്രട്ടറി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## NDA - BIHAR SEATS FINALIZED

ബിഹാറിൽ എൻഡിഎ യുടെ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള സീറ്റ് വിഭജനം പൂർത്തിയായി. ആകെയുള്ള 40 സീറ്റുകളിൽ ബിജെപി 17 സീറ്റുകളിലും ജെഡി (യു) 16 സീറ്റുകളിലും ലോക് ജനശക്തി പാർട്ടി (രാംവിലാസ്) അഞ്ച് സീറ്റുകളിലും മത്സരിക്കും. മുൻ മുഖ്യമന്ത്രി ജിതൻ റാം മാഞ്ചിയുടെ നേതൃത്വത്തിലുള്ള ഹിന്ദുസ്ഥാനി അവാമി മോർച്ചയും ഉപേന്ദ്ര കുശ്‌വാഹയുടെ രാഷ്ട്രീയ ലോക് മോർച്ചയും സംസ്ഥാനത്ത് ഓരോ സീറ്റിലായിരിക്കും മത്സരിക്കുക.

&&&&&&&&&&&&&&&&&&

## HOME MINISTRY - TRIBUNAL

മുസ്ലീം കോൺഫറൻസ് ജമ്മു ആൻഡ് കാശ്മീർ ഭാട്ട്-സംജി വിഭാഗങ്ങളെ നിയമവിരുദ്ധ സംഘടനകളായി പ്രഖ്യാപിക്കുന്നതിന് മതിയായ കാരണങ്ങളുണ്ടോ എന്ന് തീർപ്പാക്കാൻ കേന്ദ്ര സർക്കാർ യുഎപി ട്രൈബ്യൂണൽ രൂപീകരിച്ചു. ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണ ഉൾപ്പെടെയുള്ളവർ ട്രൈബ്യൂണലിൻറെ ഭാഗമാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ

നിയമപ്രകാരം കഴിഞ്ഞ മാസം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇരുവിഭാഗങ്ങളെയും നിയമവിരുദ്ധ സംഘടനകളായി പ്രഖ്യാപിച്ച് അഞ്ച് വർഷത്തേക്ക് നിരോധിച്ചിരുന്നു. ജമ്മു കശ്മീരിനെ ഇന്ത്യയിൽ നിന്ന് വേർപെടുത്താൻ സംഘടനകൾ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടെന്നായിരുന്നു മന്ത്രാലയത്തിന്റെ കണ്ടെത്തൽ.

&&&&&&&&&&&&&&&&&&

## DENGUE CONCLAVE

രാജ്യത്ത് ഡെങ്കിപ്പനിക്കേസുകളുടെ എണ്ണം ഗണ്യമായി വർധിക്കുകയാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. കഴിഞ്ഞ വർഷം രാജ്യത്ത് മൂന്ന് ലക്ഷം ഡെങ്കിപ്പനി കേസുകൾ രജിസ്റ്റർ ചെയ്യുതായും 339 മരണങ്ങൾ സ്ഥിരീകരിച്ചതായും അഡീഷണൽ സെക്രട്ടറി ലാംചോംഗോയ് സ്വീറ്റി ചാങ്സൻ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഡെങ്കി കോൺക്ലേവിനെ അഭിസംബോധന ചെയ്യുകൊണ്ട് സംസാരിക്കുകയായിരുന്നു അവർ. ദ്രുതഗതിയിലുള്ള നഗരവൽക്കരണവും കാലാവസ്ഥാ വ്യതിയാനവും ഡങ്കിപ്പനിക്കെതിരായ പോരാട്ടത്തെ ദുഷ്കരമാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ അവർ, ഡെങ്കിക്കെതിരായ പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.

&&&&&&&&&&&&&&&&&&

## HEAT WAVE

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത

പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## HOCKEY AUSTRALIA TOUR

ഏപ്രിൽ 6-ന് ഓസ്ട്രേലിയയിലെ പെർത്തിൽ ആരംഭിക്കുന്ന ഹോക്കി ടൂർണമെന്റിനുള്ള 27 അംഗ ഇന്ത്യൻ പുരുഷ ടീമിനെ പ്രഖ്യാപിച്ചു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഹർമൻപ്രീത് സിംഗാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ടൂർണമെന്റിലെ രണ്ടാമത്തെ മത്സരം ഏപ്രിൽ 7 നും തുടർന്നുള്ള മത്സരങ്ങൾ ഏപ്രിൽ 10, 12, 13 തീയതികളിലും നടക്കും.

&&&&&&&&&&&&&&&&&&

## IGNCA-FOUNDATION DAY

ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സിന്റെ 37-ാമത് സ്ഥാപക ദിനം നാളെ മുതൽ ന്യൂഡൽഹിയിൽ ആഘോഷിക്കും. മൂന്ന് ദിവസത്തെ പരിപാടിയിൽ ശാസ്ത്രീയ സംഗീതം, ഉപകരണസംഗീതം, നൃത്തം, ശിൽപശാലകൾ, എന്നിവ ഉൾപ്പെടെ വിവിധ പരിപാടികൾ നടക്കും. വൈകുന്നേരം 5 മണി മുതൽ പരിപാടിയിലേക്ക് പ്രവേശനം അനുവദിക്കും. പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&&

## LAMITIYE EXERCISE 2024

ഇന്ത്യ - സീഷെൽസ് സംയുക്ത സൈനിക അഭ്യാസമായ 'ലമിതിയെ ' യുടെ പത്താം പതിപ്പ് സീഷെൽസ് സൈനിക അക്കാദമിയിൽ ഇന്ന് ആരംഭിച്ചു. ഈ മാസം 27 വരെ യാണ് സംയുക്ത സൈനിക അഭ്യാസം നടക്കുന്നത്. അത്യാധുനിക ഉപകരണങ്ങളുടെ പ്രദർനവും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഇരുരാജ്യങ്ങളും നേരിടുന്ന ഭീഷണികളെ നിർവീര്യമാക്കുന്നതിനുള്ള തന്ത്രപരമായ നടപടികളെ പരിപാടിയിലൂടെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ മൂന്നാം ഉത്സവദിനമായ ഇന്ന് ഉത്സവബലി ചടങ്ങുകൾ നടന്നു. 24 ന് ശരംകുത്തിയിലേക്ക് പള്ളിവേട്ട എഴുന്നള്ളത്ത് നടക്കും. പൈങ്കുനി ഉത്രം നാളായ 25 ന് ഉച്ചയ്ക്ക് 11.30നാണ് പമ്പയിൽ ആറാട്ട് നടക്കുക. ഉത്സവത്തോടനുബന്ധിച്ച് ദിവസവും കൊടിമരച്ചുവട്ടിലും ആറാട്ടുദിനമായ 25 ന് പമ്പയിലും പറ വഴിപാട് നടത്താനാകുമെന്ന് ദേവസ്വം അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PATHANAMTHITTA- CHICKEN POX

പത്തനംതിട്ട ജില്ലയിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത

പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ. വേരിസെല്ല സോസ്റ്റർ എന്ന വൈറസാണ് ചിക്കൻപോക്സിന് കാരണമാകുന്നത്. ചിക്കൻപോക്സ് മൂലമുണ്ടാകുന്ന കുമിളകളിലെ ദ്രവങ്ങളിലൂടെയും രോഗബാധയുള്ളവർ ചുമക്കുമ്പോഴും തുമ്മുമ്പോഴും മറ്റും തെറിക്കുന്ന കണങ്ങളിലൂടെയും അണുബാധ പകരാം. ചിക്കൻപോക്സ് വൈറസിന്റെ ഇൻകുബേഷൻ സമയം 10-21 ദിവസമാണ്. ശരീരത്തിൽ കുമിളകൾ പൊന്തിത്തുടങ്ങുന്നതിന് രണ്ടു ദിവസം മുൻപ് മുതൽ അവ ഉണങ്ങി പൊറ്റയാകുന്ന ദിവസം വരെ അണുബാധ പകരാമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

# STOCK-CLOSE

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 105 പോയിന്റ് ഉയർന്ന് 72,748 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിന്റ് നേട്ടത്തിൽ 22,056 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&